പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2892

13-03-2018 ൽ മറുപടിക്ക്

**കേരളത്തിലെ കർഷകന്റെ ശരാശരി കടം**

ചോദ്യം
ശ്രീ.കെ. കൃഷ്ണൻകുട്ടി

മറുപടി
ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളം സ്വീകരിച്ചിട്ടുള്ള മൊത്തം കാർഷിക കടം എത്രയാണ് എന്ന് വ്യക്തമാക്കാമോ; കേരളത്തിലെ കർഷകന്റെ ശരാശരി കടം എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിന്റെ മൊത്തം കാർഷിക കടം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. വാണിജ്യ ബാങ്കുകൾ, ഗ്രാമീൺ ബാങ്ക്, സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ ഗ്രാമ വികസന ബാങ്ക് എന്നിവയുടെ മൊത്തം കാർഷിക കടം 73342 കോടി രൂപയാണ്. |
| (ബി) | കേരളത്തിലെ കർഷകർ മൊത്തം പൊതുമേഖല ബാങ്കുകളിൽ നിന്നും സ്വീകരിച്ചിട്ടുള്ള കാർഷിക വായ്പ (ദീർഘകാല വായ്പ , ഹ്രസ്വകാല വായ്പ) എത്രയാണെന്ന് ജില്ല തിരിച്ചുള്ള വ്യക്തമാക്കാമോ; | (ബി) | ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. എന്നാൽ സംസ്ഥാനത്തെ മൊത്തം കണക്ക് ഇപ്രകാരമാണ്.<br>ദീർഘകാല വായ്പ – 6976 കോടി രൂപ<br>ഹ്രസ്വകാല വായ്പ – 41117 കോടി രൂപ<br>മൊത്തം - 48093 കോടി രൂപ |
| (സി) | കേരളത്തിലെ കർഷകർ കേരളത്തിലെ സഹകരണ ബാങ്കുകളിൽ നിന്നും സ്വീകരിച്ചിട്ടുള്ള വായ്പ, (ദീർഘകാല വായ്പ , ഹ്രസ്വകാല വായ്പ) എത്രയാണെന്ന് വ്യക്തമാക്കാമോ? | (സി) | കേരളത്തിലെ സഹകരണ സംഘങ്ങൾ മുഖേന കേരളത്തിലെ കർഷകർക്ക് ആകെ 10133.32 കോടി രൂപയുടെ വായ്പ വിതരണം ചെയ്തിട്ടുണ്ട്. ആയതിൽ 4018.79 കോടി രൂപ ഹ്രസ്വകാല വായ്പയും 6114.53 കോടി രൂപ ദീർഘകാല വായ്പയുമാണ്. |

സെക്ഷൻ ഓഫീസർ